# പതിനാലാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം
# നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2312
# 12.06.2018 ലെ മറുപടിക്ക്

**<u>എം. എൽ. എ. ആസ്തി വികസന സ്കീം</u>**

| | ചോദ്യം<br>ശ്രീ.എസ്.ശർമ്മ | ഉത്തരം<br>ഡോ.ടി.എം.തോമസ് ഐസക്ക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) | എം. എൽ. എൽ. ആസ്തി വികസന സ്കീമിൽ ഉൾപ്പെട്ട പ്രവൃത്തികളിൽ ഭരണാനുമതി ലഭിച്ചുകഴിഞ്ഞ പ്രവൃത്തിക്ക് റിവൈസ്ഡ് എസ്റ്റിമേറ്റ് സമർപ്പിക്കുന്നതിന് അനുമതിയുണ്ടോ; | നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയിൻ കീഴിൽ ഭരണാനുമതി ലഭിച്ചുകഴിഞ്ഞ പ്രവൃത്തികൾക്ക് ഏതെങ്കിലും തരത്തിൽ മാറ്റം വരുന്ന പക്ഷം ആയതിനുള്ള റിവൈസ്ഡ് എസ്റ്റിമേറ്റ് അതേ സാമ്പത്തികവർഷം തന്നെ സമർപ്പിക്കേണ്ടതാണ്. മാറ്റം അനിവാര്യമായ സാഹചര്യം വ്യക്തമാക്കുന്ന റിപ്പോർട്ടും അനുബന്ധ രേഖകളും ബന്ധപ്പെട്ട എം.എൽ.എ യുടെ കത്തും പുതുക്കിയ ഭരണാനുമതിക്കായി ഇതോടൊപ്പം ലഭ്യമാക്കേണ്ടതാണ്. |
| (ബി) | ഗ്രാമ പഞ്ചായത്തുകളുടെ അധീനതയിലുള്ള റോഡ് പ്രവൃത്തികളുടെ ഡി. പി. ആർ. സമർപ്പിക്കുന്നതിന് ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ വിഭാഗം എഞ്ചിനീയറിംഗ് വിഭാഗത്തിനെ മാത്രമാണോ ചുമതലപ്പെടുത്തിയിരിക്കുന്നത്; | ഗ്രാമ പഞ്ചായത്തുകളുടെ അധീനതയിലുള്ള റോഡ് പ്രവൃത്തികളുടെ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനായി തദ്ദേശ സ്വയം ഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗത്തെയാണ് പ്രധാനമായും ചുമതലപ്പെടുത്തിയിരിക്കുന്നത്. ഏതെങ്കിലും കാരണവശാൽ തദ്ദേശ സ്വയം ഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗത്തിന് ആയത് നിർവ്വഹിക്കാൻ സാധിക്കാത്ത പക്ഷം സ.ഉ(പി) നം. 95/2017/ധന തീയതി 25/07/2017 പ്രകാരം റോഡ് പ്രവൃത്തികൾക്കായി അക്രഡിറ്റേഷൻ ലഭിച്ചിട്ടുള്ള ഏജൻസികളേയും എസ്റ്റിമേറ്റ് തയ്യാറാക്കാൻ സമീപിക്കാവുന്നതാണ്. |
| (സി) | അല്ലെങ്കിൽ ഇതര ഏജൻസികൾ ഏതൊക്കെയെന്ന് വെളിപ്പെടുത്തുമോ? | |

സെക്ഷൻ ഓഫീസർ